കശുവണ്ടി തൊഴിലാളികളുടെ കുറഞ്ഞ കൂലി റിവൈസ് ചെയ്യുന്നതിനുള്ള കമ്മിറ്റി.

* 1535. [25] ശ്രീ. ഗോവിന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി റിവൈസ് ചെയ്യുന്നതിനുവേണ്ടി നിയമിക്കപ്പെട്ട കമ്മിറ്റി അതിന്റെ റിപ്പോർട്ട് ഗവണ്മെന്റിനു സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്നേയ്ക്ക് പ്രസിദ്ധപ്പെടുത്തുമെന്നു പറയുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗോവിന്ദൻ: അങ്ങനെയൊരു കമ്മിറ്റിയെ നിയമിച്ചിട്ടില്ല എന്നാണോ പറയുന്നത് ?

ശ്രീ. ടി. വി. തോമസ് : കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയിട്ടില്ല എന്നാണ് പറഞ്ഞത്.

ശ്രീ. ആർ. ഗോവിന്ദൻ : കമ്മിറ്റിയെ നിയമിച്ചിട്ട് എത്ര കാലമായി ?

ശ്രീ. ടി. വി. തോമസ് : ഇപ്പോൾ തീർച്ചയായി പറയാനോർമ്മയില്ല. കമ്മിറ്റിയുടെ റിപ്പോർട്ട് അടുത്തുതന്നെ കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

നെല്ലെടുപ്പ്.

* 1536. [26] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിൽനിന്നും, പാലക്കാട്ടുനിന്നും നെല്ലെടുക്കുമെന്നു ഗവണ്മെന്റ് പ്രഖ്യാപിച്ചിരുന്നോ ;

(ബി) ആ പ്രഖ്യാപനമനുസരിച്ച് ഈ രണ്ടു മിച്ചപ്രദേശങ്ങളിൽ നിന്നും എത്ര പറനെല്ല് സർക്കാർ വിലയ്ക്കെടുത്തുവെന്നു പറയാമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്) :

(എ) ഉവ്വ്.

(ബി) ഇതുവരെ പാലക്കാട്ടുനിന്നും 1,45,664 പറ നെല്ലും കുട്ടനാട്ടുനിന്നു 8861 പറ നെല്ലിനു തുല്യമായ അരിയും വിലയ്ക്കെടുത്തിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ : ഒരു പറ നെല്ലിനു എത്ര വിലവെച്ചാണ് എടുത്തതെന്നു പറയുമോ ?

ശ്രീ. കെ. സി. ജോർജ് : കാർട്ട് ലോഡിന്റെ കണക്കിലാണ് നെല്ലെടുത്തിട്ടുള്ളതു. എഴുപതുപറ നെല്ലുള്ള ഒരു വണ്ടിക്ക് 160 രൂപാ വില കൊടുത്തിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ : കുട്ടനാട്ടുനിന്നും എടുത്തിട്ടുള്ള നെല്ല് ഈ കൊല്ലത്തെ എത്ര കൊണ്ടാണെന്നു പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly